"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് - 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയുടെ അഞ്ചാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.157/2025/CLAD തീയതി,തിരുവനന്തപുരം, 22-03-2025

---

പരാമർശം:-
1. സർക്കുലർ നം. 1/2021/ധന തീയതി, 04.01.2021
2. സ ഉ(സാധാ) നം. 285/2024/സാംകാവ തീയതി 04.06.2024
3. സ ഉ(സാധാ) നം. 407/2024/സാംകാവ തീയതി 29.07.2024
4. സ ഉ(സാധാ) നം. 559/2024/സാംകാവ തീയതി 27.09.2024
5. സ ഉ(സാധാ) നം. 727/2024/സാംകാവ തീയതി 19.12.2024
6. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 07.01.2025-ലെ 454/എ/2024/സിഎൽ നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് 2024-25 സാമ്പത്തിക വർഷം "2202-05-102-97-36 (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുള്ള 1,34,19,000/- രൂപ (ഒരു കോടി മുപ്പത്തിനാല് ലക്ഷത്തി പത്തൊൻപതിനായിരം രൂപ മാത്രം) യിൽ നിന്നും പരാമർശം (2) പ്രകാരം 26,83,000/-രൂപ ആദ്യ ഗഡുവായും പരാമർശം (3) പ്രകാരം 20,00,000/-രൂപ രണ്ടാം ഗഡുവായും പരാമർശം (4) പ്രകാരം 9,00,000/-രൂപ മൂന്നാം ഗഡുവായും പരാമർശം (5) പ്രകാരം 17,97,000/-രൂപ നാലാം ഗഡുവായും അനുവദിച്ചു നൽകിയിരുന്നു. പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അഞ്ചാം ഗഡു അടിയന്തിരമായി അനുവദിച്ചു നൽകണമെന്ന് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷം കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിനു പദ്ധതിയേതരയിനത്തിൽ 2202-05-102-97-36 (Non Plan) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1,34,19,000/- രൂപയിൽ നിന്നും 22,81,680/- രൂപ (ഇരുപത്തിരണ്ട് ലക്ഷത്തി എൺപത്തിയൊന്നായിരത്തി അറുന്നൂറ്റി എൺപത് രൂപ മാത്രം) അഞ്ചാം ഗഡുവായി അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (1) -ലെ നിബന്ധന പ്രകാരം പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള STSB അക്കൗണ്ട് നമ്പരും അനുബന്ധ വിശദാംശങ്ങളും കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതും തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ധനവിനിയോഗ സാക്ഷ്യപത്രം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതുമാണ്. കൂടാതെ, അടുത്ത ഗഡുവിനായി പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ അഞ്ചാം ഗഡുവായി അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആൻറ് ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് 20.03.2025 - ലെ E 2801191/EDN-C5/28/2024-FIN നമ്പർ കുറിപ്പ് പ്രകാരം)

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (C1/89/2024-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
Date: 22-03-2025 17:09:43

സെക്ഷൻ ഓഫീസർ

പകർപ്പ് : സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്. ന്